# വ്യവസായ കേരളം

05

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 NOVEMBER 2021




**കെട്ടിട നിർമ്മാണ മേഖലയിലെ സംരംഭ സാധ്യതകളും ആധുനിക സാങ്കേതിക വിദ്യകളും സംരംഭകർക്ക് പരിചയപ്പെടുത്താൻ:**

# ടെക്നോളജി ക്ലിനിക്ക്

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ

കെട്ടിട നിർമ്മാണ മേഖലയിലെ സംരംഭ സാധ്യതകളും ആധുനിക സാങ്കേതിക വിദ്യകളും സംരംഭകർക്ക് പരിചയപ്പെടുത്തുന്നതിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷനുമായി ചേർന്നുകൊണ്ട് ടെക്നോളജി ക്ലിനിക്ക് നവംബർ 5, 2021 ന് സംഘടിപ്പിച്ചു. ഓൺലൈനിൽ സംഘടിപ്പിച്ച പരിപാടിയുടെ ഉദ്ഘാടനം വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ് നിർവ്വഹിച്ചു. ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് 2021 ഒക്ടോബർ 25ന് ഉദ്ഘാടനം ചെയ്ത സംസ്ഥാനതല സാങ്കേതിക ശില്പശാലയുടെ നാലാമത്തെ പ്രോഗ്രാമാണ് പ്രസ്തുത പരിപാടി.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ ഡയറക്ടർ ഡോ. ബി.സുനിൽ കുമാർ, മെക്കാനിക്കൽ ഡിപ്പാർട്ട്മെന്റ് മേധാവി വിനോദ് ശങ്കർ എന്നിവരുടെ നേതൃത്വത്തിൽ ക്ലാസ്സുകൾ നടന്നു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ നിന്നും ജോയിന്റ് ഡയറക്ടർ ശ്രീ. അജിത്ത് എസ്, ഡെപ്യൂട്ടി ഡയറക്ടർ ഷബീർ എം, ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ നിന്നുള്ള ജനറൽ മാനേജർമാർ, ഉദ്യോഗസ്ഥർ, കൺസ്ട്രക്ഷൻ മേഖലയിലെ നിലവിലെ സംരംഭകരും പുതുതായി സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവരും ഈ സാങ്കേതിക ശിൽപശാലയിൽ പങ്കെടുത്തു. സാങ്കേതിക സ്ഥാപനങ്ങൾ വികസിപ്പിച്ചെടുക്കുന്ന നൂതന സാങ്കേതികവിദ്യകൾ സംരംഭകർക്ക് പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഇത്തരം ടെക്നോളജി ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നത്.

വ്യവസായ ജാലികം 03

**സാങ്കേതിക വിദ്യ സ്വന്തമാക്കാൻ**
## 10 ലക്ഷം രൂപ സഹായം

മികച്ച രീതിയിൽ പ്രവർത്തിക്കുന്ന കേരളത്തിലെ സംരംഭങ്ങൾക്ക് പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് സ്ഥാപനത്തിന്റെ ഉത്പാദനവും വിപണനവും മെച്ചപ്പെടുത്താൻ 10 ലക്ഷം രൂപ വരെ സംരംഭക സഹായ പദ്ധതി പ്രകാരം വ്യവസായ വകുപ്പ് സബ്സിഡി നൽകുന്നു. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നായിരിക്കണം ഈ സാങ്കേതിക വിദ്യ സ്വന്തമാക്കൽ. പദ്ധതി പ്രകാരം പുതിയ  സാങ്കേതിക വിദ്യയുടെ ചെലവിന്റെ 10 ശതമാനം, പരമാവധി 10 ലക്ഷം രൂപ വരെ സാമ്പത്തിക സഹായം ലഭിക്കുന്നു. സാങ്കേതിക വിദ്യ വാങ്ങാനുള്ള തുക, അതിനോടനുബന്ധിച്ച് വേണ്ടിവരുന്ന യന്ത്രസാമഗ്രികളുടെ തുക എന്നിവയുടെ മൊത്തം ചെലവിന്റെ 10 ശതമാനമാണ്  അധിക സബ്സിഡിയായി ലഭിക്കുക. ഈ പദ്ധതി സംരംഭകർക്ക് മികച്ച പ്രയോജനം നൽകുന്നു.

ഈ പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖയും പദ്ധതിക്ക് ഓൺലൈനായി അപേക്ഷിക്കാനുള്ള വിവരങ്ങളും വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ www.industry.kerala.gov.in/index.php/schemes/ess എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.
കൂടുതൽ വിശദാംശങ്ങൾ നേരിട്ട് ലഭിക്കണമെന്ന് ആഗ്രഹിക്കുന്നവർക്ക് ജില്ലാ വ്യവസായ കേന്ദ്രവുമായി ബന്ധപ്പെടാവുന്നതാണ്.
വ്യവസായ വകുപ്പിന്റെ ജില്ലാ ഉദ്യോഗസ്ഥരുടെയും ഈ പദ്ധതി കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടേയും ഓഫീസിലേയും ഫോൺ നമ്പർ മുകളിൽ സൂചിപ്പിച്ച വെബ്സൈറ്റിൽ ലഭ്യമാണ്. അല്ലെങ്കിൽ താലൂക്ക് വ്യവസായ ഓഫീസുകളിലുള്ള ഇൻഫർമേഷൻ ഓഫീസർമാരുമായും ബന്ധപ്പെടാവുന്നതാണ്.






മീറ്റ് ദ മിനിസ്റ്റർ പരിപാടിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ എം.എൽ.എ മാരുമായി ബഹു. നിയമ, വ്യവസായ, കയർ വകുപ്പു മന്ത്രി ശ്രീ. പി. രാജീവ് കൂടിക്കാഴ്ച നടത്തി. ജില്ലയുടെ വ്യവസായ വികസന സാധ്യതകൾ ചർച്ച ചെയ്തു.

# പൊതുമേഖലാ സ്ഥാപനങ്ങളുടെ ആധുനീകരണത്തിന് മാസ്റ്റർ പ്ലാൻ




വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ആധുനീകരണം ലക്ഷ്യമിട്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന് ബഹു. നിയമ വ്യവസായ കയർ വകുപ്പു മന്ത്രി ശ്രീ. പി. രാജീവ് കൈമാറി. എല്ലാ പൊതുമേഖലാസ്ഥാപനങ്ങളും അതാതു സ്ഥാപനങ്ങളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന മാസ്റ്റർ പ്ലാനുകളാണ് കൈമാറിയത്.

ഷോർട്ട് ടേം, മിഡ് ടേം, ലോങ്ങ് ടേം എന്നീ മൂന്ന് ഘട്ടങ്ങളിലായി 2030 വരെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിപുലീകരണ - വൈവിധ്യവൽക്കരണ പദ്ധതികളാണ് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി-യിരിക്കുന്നത്. മാസ്റ്റർ പ്ലാൻ നിർദ്ദേശപ്രകാരം നടപ്പിലാക്കുന്ന 175 പദ്ധതികൾ 2030 ൽ പൂർത്തിയാകുന്നതോടെ 41 പൊതുമേഖലാ സ്ഥാപനങ്ങളിലുമായി മൊത്തം 9467.05 കോടി രൂപയുടെ അധിക നിക്ഷേപം ഉണ്ടാകും.

ഷോർട്ട് ടേം നിക്ഷേപം - 2,659 കോടി രൂപ, മിഡ് ടേം നിക്ഷേപം - 2,833.32 കോടി രൂപ, ലോങ്ങ് ടേം നിക്ഷേപം - 3,974.73 കോടി രൂപ എന്നിങ്ങനെയാണ് നിക്ഷേപത്തിനുള്ള സമയക്രമം. എല്ലാ സ്ഥാപനങ്ങളിലുമായി മൊത്തം വാർഷിക വിറ്റുവരവ് നിലവിലുള്ള 3,300 കോടി രൂപയിൽ നിന്ന് 14,238 കോടി രൂപ വർധിച്ച് 17,538 കോടി രൂപയാകുകയും ചെയ്യും.

പദ്ധതികൾ പൂർത്തിയാകുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലവിൽ ജോലി ചെയ്യുന്ന 14,700 പേർക്ക് പുറമെ 5,464 പേർക്ക് കൂടി ജോലി പുതിയതായി ലഭിക്കുന്നതാണ്. അതായത് 2030 ആകുമ്പോൾ 41 പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം 20,164 ആയി വർധിക്കും.

കെമിക്കൽ, ഇലക്ട്രിക്കൽ, എഞ്ചിനിയറിംഗ്, ഇലക്ട്രോണിക്സ്, ടെക്സ്റ്റയിൽസ്, സെറാമിക്സ് ആൻഡ് റിഫ്റാക്ടറീസ്, ട്രഡീഷണൽ ആൻഡ് ഇൻഫ്രാസ്ട്രക്ച്ചർ എന്നീ ഏഴ് സെക്ടറുകളിലായി വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന 41 പൊതുമേഖലാ സ്ഥാപനങ്ങൾ ഷോർട്ട് ടേം, മിഡ് ടേം, ലോങ്ങ് ടേം എന്നീ മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ മാസ്റ്റർപ്ലാനുകൾ ഇപ്രകാരം രൂപപ്പെടുത്തി. മാസ്റ്റർ പ്ലാനിന്റെ നിർവ്വഹണം അതിവേഗം ആരംഭിക്കും.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.